**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3279** **04-08-2021 - ൽ മറുപടിയ്ക്ക്**

**സ്കോളർഷിപ്പ് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എം.ബി.ബി.എസ്. അഡ്മിഷൻ ലഭിക്കുന്ന ബി.പി.എൽ. വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആനുകൂല്യം നൽകി വരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | (എ) & (ബി)സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്-ന് പ്രവേശനം നേടുന്ന ബി.പി.എൽ വിഭാഗം വിദ്യാർത്ഥികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ 06/06/2018-ലെ സ.ഉ.(എം.എസ്)നം.107/2018/ആ.കു.വ പ്രകാരം സ്കോളർഷിപ്പ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . ആയതു പ്രകാരം 2017-18 ബാച്ച് മുതലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്നു.തുടർന്ന് 23/07/2020-ലെ ബഹു.ഹൈക്കോടതിയുടെ WP(c)No.7771/2018 & Connected case-ലെ ഉത്തരവ് പ്രകാരം 06/06/2018-ലെ ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച സർക്കാർ ഉത്തരവ് റദ്ദാക്കുകയുണ്ടായി. ബഹു.ഹൈക്കോടതിയുടെ ടി വിധിക്കെതിരെ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ SLP(c) ഫയൽ ചെയ്തിട്ടുണ്ട് . WP(c)No.25475 &26683/2020 നമ്പർ കേസുകളിലെ 27/01/2021-ലെ ബഹു.ഹൈക്കോടതി വിധിയിലൂടെ അർഹരായ ബി.പി.എൽ വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആനുകൂല്യം തുടർന്നും നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ 2017-18, 2018-19, 2019-20 ബാച്ചിലെ അർഹരായ ബി.പി.എൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്നു. ബന്ധപ്പെട്ട ജില്ലാകളക്ടർമാരുടെ പരിശോധനാ റിപ്പോർട്ടിൽ അർഹമായ വെയിറ്റേജ് മാർക്ക് ലഭിച്ചിട്ടില്ലെന്ന് പരാതികൾ സമർപ്പിച്ച വിദ്യാർത്ഥികളുടെ അപേക്ഷകൾ പുന:പരിശോധനയ്ക്കായി ജില്ലാകളക്ടർമാർക്ക് അയച്ചിട്ടുണ്ട്. പുന:പരിശോധനയിൽ അർഹത നേടുന്ന വിദ്യാർത്ഥികൾക്ക് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി /ഫീ റെഗുലേറ്ററി |

| | | | |
|---|---|---|---|
| | | | കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ്അനുവദിയ്ക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്കോളർഷിപ്പ് സമയബന്ധിതമായി ലഭിക്കാത്തത് കാരണം തുടർവിദ്യാഭ്യാസത്തിന് തടസ്സം നേരിടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | (എ) & (ബി)സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്-ന് പ്രവേശനം നേടുന്ന ബി.പി.എൽ വിഭാഗം വിദ്യാർത്ഥികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ 06/06/2018-ലെ സ.ഉ.(എം.എസ്)നം.107/2018/ആ.കു.വ പ്രകാരം സ്കോളർഷിപ്പ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . ആയതു പ്രകാരം 2017-18 ബാച്ച് മുതലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്നു.തുടർന്ന് 23/07/2020-ലെ ബഹു.ഹൈക്കോടതിയുടെ WP(c)No.7771/2018 & Connected case-ലെ ഉത്തരവ് പ്രകാരം 06/06/2018-ലെ ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച സർക്കാർ ഉത്തരവ് റദ്ദാക്കുകയുണ്ടായി. ബഹു.ഹൈക്കോടതിയുടെ ടി വിധിക്കെതിരെ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ SLP(c) ഫയൽ ചെയ്തിട്ടുണ്ട് . WP(c)No.25475 &26683/2020 നമ്പർ കേസുകളിലെ 27/01/2021-ലെ ബഹു.ഹൈക്കോടതി വിധിയിലൂടെ അർഹരായ ബി.പി.എൽ വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആനുകൂല്യം തുടർന്നും നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ 2017-18, 2018-19, 2019-20 ബാച്ചിലെ അർഹരായ ബി.പി.എൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്നു. ബന്ധപ്പെട്ട ജില്ലാകളക്ടർമാരുടെ പരിശോധനാ റിപ്പോർട്ടിൽ അർഹമായ വെയിറ്റേജ് മാർക്ക് ലഭിച്ചിട്ടില്ലെന്ന് പരാതികൾ സമർപ്പിച്ച വിദ്യാർത്ഥികളുടെ അപേക്ഷകൾ പുന:പരിശോധനയ്ക്കായി ജില്ലാകളക്ടർമാർക്ക് അയച്ചിട്ടുണ്ട്. പുന:പരിശോധനയിൽ അർഹത നേടുന്ന വിദ്യാർത്ഥികൾക്ക് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി /ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ്അനുവദിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ